രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ തസ്തികകൾ

1325. [1996] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ഓരോ തസ്തികയിലും പെർമനന്റു പോസ്റ്റുകളും ടെമ്പററി പോസ്റ്റുകളും എത്ര വീതമുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ആകെ 2013 പെർമനന്റ് പോസ്റ്റുകളും 650 ടെംപററി പോസ്റ്റുകളും ഉണ്ട്. ഓരോ തസ്തികകളിലും പെർമനന്റ് എത്ര ടെംപററി എത്ര എന്ന വിവരം ശേഖരിച്ചുവരുന്നു.

കുന്നണ്ണൂർ പ്രദേശത്തു നടന്ന തടി മോഷണം

1326. [1999] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോന്നി ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട കുന്നണ്ണൂർ പ്രദേശത്ത് നടന്നിട്ടുള്ള വ്യാപകമായ തടി മോഷണത്തെപ്പറ്റി വിജിലൻസ് സ്ക്വാഡിന്റെ അന്വേഷണം എത്രത്തോളമായിട്ടുണ്ട് ;

(ബി) നാളിതുവരെയുള്ള അന്വേഷണങ്ങളുടെ ഫലമായി എത്ര തേക്കുകൾ വെട്ടിക്കൊണ്ടുപോയതായി കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) എത്ര ലക്ഷം രൂപയുടെ നഷ്ടം സർക്കാരിനുണ്ടായി ;

(ഡി) ഈ അന്വേഷണം നീർത്തിവയ്ക്കുവാൻ കാരണമെന്ത് ;

(ഇ) അന്വേഷണം തുടർന്നു നടത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ ;

(എഫ്) ഇതിന് ഉത്തരവാദികളായ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ മേൽ എന്തെങ്കിലും നടപടി ഇതിനകം സ്വീകരിക്കുകയുണ്ടായോ ;

(ജി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്വേഷണം പൂർത്തിയായിട്ടുണ്ട്.

(ബി) അന്വേഷണത്തിന്റെ ഫലമായി 303 കുറ്റികൾ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) നഷ്ടം എത്ര എന്നതിനെക്കുറിച്ച് പൂർണ്ണ വിവരം ശേഖരിച്ചുവരുന്നു.

(ഡി) നീർത്തിവച്ചില്ല. അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) 'ഡി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) റെയിഞ്ചോഫീസറെ സ്ഥലം മാറ്റുകയും ഇതുമായി ബന്ധപ്പെട്ട രണ്ട് ഫോറസ്റ്റർമാരെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും ഇവർക്കെതിരെ ശിക്ഷണ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ജി) എഫ്-ന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly